ഉത്തരം

(എ) 815 ഗ്രാമപഞ്ചായത്തുകളിൽ സർക്കാർ ആയുർവ്വേദ ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നു. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.[1]

(ബി) ഇല്ല. എല്ലാ പഞ്ചായത്തിലും ആയുർവ്വേദ ഡിസ്പെൻസറികൾ സ്ഥാപിച്ച് സമ്പൂർണ്ണ ആയുർവ്വേദ കേന്ദ്ര സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഈ സാമ്പത്തിക വർഷം 25 പുതിയ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി)

വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക
2012-13	50 ലക്ഷം	50 ലക്ഷം
2013-14	50 ലക്ഷം	50 ലക്ഷം
2014-15	70 ലക്ഷം	പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ അനുവദിക്കാത്തതിനാൽ 21.30 ലക്ഷം രൂപ കരൾരോഗ മുക്തി പ്രോജക്ട് നടപ്പിലാക്കുന്നതിനുവേണ്ടി ചെലവഴിച്ചു.

2015-16 സാമ്പത്തിക വർഷം പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 54 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ബ്രാൻഡഡ് മരുന്നുകൾക്ക് പകരം ജനറിക് മരുന്നുകൾ

117(817) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാർ ബ്രാൻഡഡ് മരുന്നുകൾക്ക് പകരം ജനറിക് മരുന്നുകൾ എഴുതണമെന്ന ഉത്തരവ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥാപന മേധാവികളും മറ്റുമാതൃ സംസ്ഥാനതല ഉദ്യോഗസ്ഥരും ഇക്കാര്യം പരിശോധിക്കാറുണ്ട്. അവലോകന യോഗങ്ങളിൽ ഇക്കാര്യം കർശനമായി നിർദ്ദേശിക്കാറുണ്ട്.

---

[1] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജനറിക് മരുന്നുകൾതന്നെ എഴുതണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവുപ്രകാരവും (ഉത്തരവ് നമ്പർ എം.എസ്. എ 2/68360/ആറഡ തീയതി 19-10-2012) സർക്കാർ ഉത്തരവ് പ്രകാരവും (ജി.ഒ (ആർ.ടി.) നമ്പർ 1895/2014/ആകവ തീയതി 9-6-2014), 27-11-2015-ലെ 13305/എഫ്1/15/ആകവ. നമ്പർ സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്.

ജൻ ഔഷധ സെന്ററുകൾ

118(818) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കാൻ 'ജൻ ഔഷധ സെന്ററുകൾ' ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഏതെങ്കിലും ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇപ്രകാരം മരുന്നുകൾക്ക് എത്ര ശതമാനം വരെ വില കുറച്ച് നൽകാൻ കഴിയും എന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി ജില്ലാ-താലൂക്കാശുപത്രികളിൽ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) സർക്കാർ തലത്തിൽ 'ജൻ ഔഷധ സെന്ററുകൾ' ആരംഭിച്ചിട്ടില്ല. 'ജൻ ഔഷധ സെന്ററുകൾ' തുടങ്ങാനുള്ള ഓപ്പറേറ്റിംഗ് ഏജൻസിയായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ പ്രമതലപ്പെടുത്തിക്കൊണ്ട് G.O.(Rt) No.2190/15/H &FWD തീയതി 14-7-2015 പ്രകാരം ഉത്തരവായിട്ടുണ്ട്. നിലവിൽ സാധാരണക്കാരായ രോഗികൾക്ക് (ആദായ നികുതിദായകരൊഴികെ എല്ലാവർക്കും) ആശുപത്രി ഫാർമസികൾവഴി സൗജന്യമായും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി കുറഞ്ഞ നിരക്കിലും ഉണനിലവാരമുള്ള മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നുണ്ട്.

(സി) ജൻ ഔഷധി സ്കീമിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളിൽ ആകെയുള്ള 361 ഇനം മരുന്നുകളിൽ 143 എണ്ണവും നിലവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 2015-16 വർഷത്തെ സൗജന്യ വിതരണത്തിനുള്ള

LIBRARY ARCHIVES Kerala Legislative Assembly